ബിസ്മില്ലാ...

# സകാത്
# ചോദ്യോത്തരങ്ങൾ

## 1.സകാത് എന്നാൽ എന്ത്?

ന്യായമായ മാർഗ്ഗത്തിലൂടെ അധ്വാനിച്ചുണ്ടാക്കിയ ധനം സ്വയംപര്യാപ്തതയുടെ നിർണ്ണിത തോത് അഥവാ നിസാബ് എത്തുമ്പോൾ ആ ധനത്തിൽനിന്ന് നിശ്ചിതവിഹിതം(ഇനങ്ങൾക്കനുസരിച്ച് രണ്ടര, അഞ്ച്, പത്ത് ശതമാനങ്ങൾ) സാധുക്കൾക്ക് വകവച്ചുനൽകുന്ന സംവിധാനമാണ് സകാത്. ഭിക്ഷപ്പാത്രത്തിലിട്ടുകൊടുക്കുന്ന നാണയത്തുട്ടുകളോ പാവങ്ങൾക്കോ സന്നദ്ധസംഘങ്ങൾക്കോ നൽകിവരാറുള്ള സംഭാവനകളോ സകാതാവുകയില്ല. സകാത് എന്ന അറബി പദത്തിന് സംസ്കരണം, ശുദ്ധി, വളർച്ച എന്നൊക്കെയാണർത്ഥം.

## 2.സകാതിന്റെ ലക്ഷ്യമെന്ത്?

നാം അധ്വാനിച്ചുണ്ടാക്കുന്ന ധനത്തിന്റെ സാക്ഷാൽ ഉടമ അല്ലാഹുവാണ്. അതായത്, ധനസമ്പാദനത്തിന് മാധ്യമമായി നാം ഉപയോഗിക്കുന്ന എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവും പരിപാലകനും അല്ലാഹുവാണ്. അതിനാൽ ധനത്തെ അല്ലാഹു ഏൽപിച്ച സൂക്ഷിപ്പ് സ്വത്തായി നാം കാണേണ്ടതുണ്ട്. അപ്പോൾ അവൻ പറയുന്ന വിധത്തിൽ സമ്പത്ത് വിനിയോഗിക്കാനേ നമുക്ക് നിർവ്വാഹമുള്ളൂ. ധനം യഥാക്രമം ലഭ്യതയനുസരിച്ച് അവന്റെയും അവന്റെ അടുത്ത ആശ്രിതരുടെയും കുടുംബക്കാരുടെയും സഹജീവികളായ സാധുക്കളുടെയും അനന്തരാവകാശികളുടെയും ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ളതാണ്. ഈ രൂപത്തിലുള്ള വിനിയോഗം അല്ലാഹുവിങ്കൽ ഏറെ പ്രതിഫലാർഹമായ പുണ്യകർമ്മമാണ്.
ധൂർത്ത്, പിശുക്ക്, ആർത്തി, സ്വാർത്ഥത പോലുള്ള മനോരോഗങ്ങളിൽനിന്ന് മനസ്സിനെ സംസ്കരിച്ച് ഉദാരമനസ്കത വളർത്തുക, പാവങ്ങളുടെ അവകാശമായ സകാതിന്റെ വിഹിതം സമ്പത്തിൽ കൂടിക്കലരുന്നതിൽനിന്ന് സ്വന്തം ധനത്തെ സംരക്ഷിക്കുക, ധനികർക്കിടയിൽ മാത്രം ധനം ചുറ്റിക്കറങ്ങാതെയും കെട്ടിനിൽക്കാതെയും പാവങ്ങളിലേക്കും അവരുടെ ആവശ്യനിർവ്വഹണ രംഗങ്ങളിലേക്കും പരന്നൊഴുകി സമ്പത്തിനും സമൂഹത്തിനും വളർച്ചയുണ്ടാക്കുക, മതം, ജീവൻ, സ്വത്ത്, അഭിമാനം, വംശാവലി എന്നിവയുടെ നിലനിൽപിനുവേണ്ടി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുന്നവർക്ക് സാമ്പത്തിക പിന്തുണ നൽകുക തുടങ്ങിയവയാണ് സകാതിന്റെ പ്രധാന ലക്ഷ്യങ്ങൾ.
അല്ലാഹു പറയുന്നു: “സമ്പത്തിലൂടെ വളർച്ച നേടാനായി ജനത്തിന് നിങ്ങൾ വല്ലതും പലിശയ്ക്കുകൊടുത്താൽ അല്ലാഹുവിന്റടുക്കൽ അത് വളരുകയില്ല. അല്ലാഹുവിന്റെ പ്രീതിക്കായി നിങ്ങൾ വല്ലതും സകാതായി നൽകിയാൽ അവ്വിധം പ്രവർത്തിക്കുന്നവരാകുന്നു ഇരട്ടി നേടുന്നവർ”.(30: 39) “അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴു കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറു ധാന്യമണിയും. അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുള്ളവനും എല്ലാം അറിയുന്നവനുമാണ്”.(2:261)

## 3.ഇസ്‌ലാമിൽ സകാതിന്റെ സ്ഥാനമെന്ത്?

അല്ലാഹു നിർബന്ധമാക്കിയ കർമ്മാനുഷ്ഠാനങ്ങളിൽ നമസ്കാരം കഴിഞ്ഞാൽ തൊട്ടടുത്ത സ്ഥാനം സകാതിനാണ്. നമസ്കാരം അല്ലാഹുവിന് നൽകേണ്ട അവകാശവും സകാത് അല്ലാഹുവിന്റെ നിർദ്ദേശാനുസരണം മനുഷ്യർക്ക് വിട്ടുകൊടുക്കേണ്ട അവകാശവുമാണ്. സകാതിനെപ്പറ്റി നിരവധി സ്ഥലങ്ങളിൽ ഖുർആൻ അതീവ ഗൗരവത്തോടെ സംസാരിച്ചിട്ടുണ്ട്. ഇരുപത്തിയെട്ടോളം സ്ഥലങ്ങളിലാണ് നമസ്കാരത്തോടൊപ്പം സകാതിനെ ചേർത്തു പറഞ്ഞിട്ടുള്ളത്. സകാത് നൽകാത്തവരെ അവർ കരുതിവച്ച ധനമേതാണോ അതുകൊണ്ടുതന്നെ അല്ലാഹു അതികഠിനമായ നിരന്തരശിക്ഷകൾക്ക് വിധേയമാക്കുമെന്ന് ഖുർആനും ഹദീസും പറഞ്ഞിട്ടുണ്ട്

## 4.സകാത് കൊടുക്കേണ്ടതാര്?

സകാത് നൽകേണ്ടത് ഏതോ വലിയ സമ്പന്നരുടെ കടമയാണെന്നും ഞാനൊന്നും അതിൽ പെടില്ലെന്നുമാണ് പലരും ധരിച്ചുവശായിട്ടുള്ളത്. യഥാർത്ഥത്തിൽ ഈ മഹത്തായ പുണ്യകർമ്മത്തിൽ എനിക്കും പങ്കുചേരണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഏകദേശമാളുകൾക്കും തങ്ങളുടെ സമ്പത്തിൽ സകാ

തിന്റെ വിഹിതം കണ്ടെത്താനാവും. ഹജ്ജ് നിർബന്ധമാകുന്നതിനും സാമ്പത്തികശേഷി നിബന്ധനയാണല്ലോ, എന്നിട്ടും അനേകായിരം നിർധനരാണ് സാവേശം ഹജ്ജിന് പോകുന്നത്. ഹജ്ജിനോടുള്ള അടങ്ങാത്ത ആഗ്രഹമാണ് അവരെ അതിന് പ്രേരിപ്പിക്കുന്നത്. അപ്രകാരം ദരിദ്രരുടെ കണ്ണീരൊപ്പാൻ നാം അധ്വാനിച്ചുണ്ടാക്കിയ പണത്തിന് കഴിഞ്ഞാൽ അല്ലാഹുവിന്റെ അതീവഹൃദ്യമായ സാമീപ്യമാണ് നാം സമ്പാദിക്കുന്നതെന്ന തിരിച്ചറിവാണ് നമുക്ക് വേണ്ടത്. ഇങ്ങനെയൊരു താൽപര്യത്തോടെയാണ് നമുക്ക് സകാത് നിർബന്ധമാണോ എന്ന് പരിശോധിക്കേണ്ടത്. ന്യായമായ മാർഗ്ഗത്തിലൂടെ പണം സമ്പാദിക്കുകയും ഭക്ഷണം, താമസം, വസ്ത്രം, ഔഷധം, വിദ്യാഭ്യാസം, തൊഴിലുപാധികൾ എന്നീ അത്യാവശ്യങ്ങൾ നിറവേറ്റി നിവർന്ന് നിൽക്കാൻ കഴിയുകയും (നിസാബിന്റെ നിലവാരം) ചെയ്യുന്ന വിശ്വാസി തന്റെ സമ്പത്തിന്റെ നിശ്ചിത വിഹിതം സകാത് കൊടുക്കാൻ ബാധ്യസ്ഥനാണ്.

## 5. എന്തിലെല്ലാമാണ് സകാത് ബാധകമാകുന്നത്?

പൊതുവേ സമ്പത്തായി കണക്കാക്കപ്പെടുന്ന എല്ലാറ്റിലും സകാത് ബാധകമാണെന്ന് പറയാം. സകാത് ബാധകമാകുന്ന ഇനങ്ങൾ ചുരുക്കി വിവരിക്കാം.

**സ്വർണ്ണം**: കോയിൻസ്, സ്വർണ്ണക്കട്ടി, സ്ഥിരം ധരിക്കാതെ സൂക്ഷിച്ചുവച്ചിട്ടുള്ള ആഭരണം, സ്വർണ്ണശിൽപങ്ങൾ...
**വെള്ളി**: വെള്ളി ആഭരണങ്ങൾ..
**പണം:** ശമ്പളം, കൂലി, സംഭാവന, മറ്റ് വരുമാനങ്ങൾ
**കച്ചവടം**: പലവ്യഞ്ജനം, പച്ചക്കറി, മത്സ്യം, മാംസം, പഴവർഗ്ഗങ്ങൾ, വീട്ടുപകരണങ്ങൾ, ഭക്ഷ്യപദാർത്ഥങ്ങൾ, കുടിവെള്ളം, തുണിത്തരങ്ങൾ, വാഹനങ്ങൾ, ഭൂമി, സുഗന്ധദ്രവ്യങ്ങൾ, ആഭരണങ്ങൾ, രത്നങ്ങൾ, അലങ്കാര വസ്തുക്കൾ....
**വ്യവസായം**: ടൈൽസ്, ഓട്, ഇരുമ്പ്, സിമെന്റ്, അലൂമിനിയം, സ്റ്റീൽ, പ്ലാസ്റ്റിക്, പ്ളൈവുഡ്, ധാന്യപ്പൊടികൾ, ഭക്ഷണപാനീയങ്ങൾ....
**കൃഷി**: നെല്ല്, ഗോതമ്പ്, മത്സ്യം, പൗൾട്രിഫാം, ആട്-മാട് ഫാമുകൾ, വാഴ, റബർ, നാളികേരം, അടയ്ക്ക, കുരുമുളക്, ഏലം, തേയില, ഗ്രാമ്പ്, പച്ചക്കറികൾ...
**വാടക**: വീട്, ലോഡ്ജ്, വാഹനം, പാത്രങ്ങൾ, ആഡിറ്റോറിയം, ഷോപ്പിംഗ്കോംപ്ലക്സ്, പണിയായുധങ്ങൾ, കസേര, പന്തൽ.........
**ഖനിജം**: മണൽ, പാറ, മാർബിൾ.... തുടങ്ങിയ സാമ്പത്തിക ഇനങ്ങളിൽ നിസാബ് പൂർത്തിയായവയ്ക്കെല്ലാം സകാത് ബാധകമാണ്. എന്നാൽ വെറുതെകിടക്കുന്ന ഭൂമി, താമസിക്കുന്ന ഭവനം, സഞ്ചരിക്കുന്ന വാഹനം എന്നിവയ്ക്ക് സകാത് ബാധകമല്ല.

## 6.നിസാബ് എന്നാൽ എന്താണ്?

സകാത് നിർബന്ധമാകുന്ന ധനത്തിന്റെ തോതിനാണ് നിസാബ് എന്ന് പറയുന്നത്. തന്റെയും തന്റെ കുടുംബത്തിലെ ആശ്രിതരുടെയും ഭക്ഷണം, വസ്ത്രം, താമസം, ഔഷധം, വിദ്യാഭ്യാസം, തൊഴിലുപാധികൾ എന്നിവ നിറവേറ്റാൻ കഴിയാതെ പ്രയാസപ്പെടുന്നവൻ ഫഖീറിന്റെയോ മിസ്കീനിന്റെയോ നിലവാരത്തിലായിരിക്കും. അയാൾക്ക് സകാത് ബാധകമല്ല.

എന്നാൽ ആർക്കെങ്കിലും 595 ഗ്രാം(200 ദിർഹം)വെള്ളിയോ അതിന്റെ മൂല്യത്തിനു(24675 രൂപ)മേൽ വരുന്ന പണമോ കച്ചവടമോ വ്യവസായമോ ഉണ്ടാവുകയോ 85 ഗ്രാം (20 മിസ്ഖാൽ) സ്വർണ്ണമോ അതിന്റെ ഉൽപന്നങ്ങളോ കൈവശമുണ്ടാവുകയോ 5 ഒട്ടകമോ 40 ആടോ 30 മാടോ വളർത്തുകയോ ഏതെങ്കിലും തരത്തിലുള്ള 720 കിലോഗ്രാം(300 സാഅ്, തൊലിയോടെയാണെങ്കിൽ 600 സാഅ്) കാർഷികോൽപന്നങ്ങൾ വിളവെടുക്കുകയോ ചെയ്താൽ, അവരാണ് സകാത് നൽകേണ്ട നിസ്വാബ്(തോത്)തികഞ്ഞവർ.

നബി(സ)യുടെ കാലത്ത് മേൽപറഞ്ഞ എല്ലാ ഇനങ്ങളുടെയും നിസാബിന് ഒരേ മൂല്യമായിരുന്നു. ജനങ്ങളുടെ ഒരുവർഷത്തെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന സ്വയംപര്യാപ്തതയുടെ തോതിലായിരുന്നു അന്ന് നിസാബ്. എന്നാൽ ഇന്ന് അവ തമ്മിൽ മൂല്യത്തിന്റെ കാര്യത്തിൽ കാര്യമായ അന്തരമാണുള്ളത്.

## 7. നാം നിസാബ് കണക്കാക്കേണ്ടതെങ്ങനെ?

ഇന്നത്തെ സ്ഥിതിയിൽ സ്വർണ്ണത്തിന്റെയും ആട്, മാട്, ഒട്ടകങ്ങളുടെയും നിസാബിന്റെ മൂല്യങ്ങൾ മനുഷ്യജീവിതത്തിന് ഒരു വർഷത്തേക്ക് അത്യാവശ്യം വേണ്ട ജീവിതച്ചെലവുകളുടെ ശരാശരി സംഖ്യയുടെ നിലവാരത്തിലും വളരെ ഉയരത്തിലാണുള്ളത്. ഈ പറയപ്പെട്ടവയുടെ നിസാബുകളനുസരിച്ച് നോക്കുമ്പോൾ സ്വയം പര്യാപ്തരായി ജീവിതം നയിച്ചുപോരുന്ന ഇടത്തരക്കാരായ വിശ്വാസികൾക്ക് സകാത് ബാധകമാവാതെ വരും. ഉദാരമനസ്ഥിതി എന്നത് വിശ്വാസികൾക്കിടയിൽ നിർബന്ധബുദ്ധിയുള്ള ഒരു പൊതുസംസ്കാരമാവണമെന്ന ഖുർആനിന്റെ വികാരത്തോട് ചേർന്ന് നിൽക്കുന്നതും കൂടുതൽ പ്രമാണബദ്ധവുമായ വീക്ഷണമനുസരിച്ച് പണം, കച്ചവടം, വ്യവസായം എന്നിവയ്ക്ക് അനുയോജ്യമായ നിസാബ്

വെള്ളിയുടേതാണ്, സ്വർണ്ണത്തിന്റേതല്ല. ഇതനുസരിച്ച് 595 ഗ്രാം വെള്ളിയുടെ ഇന്നത്തെ(2014 മേയ്) വില യായ 24675 രൂപ കൈവശമുണ്ടാവുകയോ അതിന്റെ മൂല്യത്തിന് മേൽപോട്ട് കച്ചവടമോ വ്യവസായമോ നടത്തുകയോ ചെയ്താൽ അയാൾ സകാത് കൊടുക്കാൻ ബാധ്യസ്ഥനാണ്. കാർഷികവിളകളുടെ(തൊലി യില്ലാതെ)നിസാബ് 720 കിലോഗ്രാമാണ്(300 സാഅ്). 720 കിലോഗ്രാം അരിയുടെ(കിലോ: 33 രൂപ) ഇന്നത്തെ(2014 മേയ് )മാർക്കറ്റ് വില ശരാശരി 23760 രൂപയാണ്. ഇവിടെ നിലവിൽ വെള്ളിയുടെ നിസാബും കാർഷികവിളകളുടെ നിസാബും തമ്മിൽ താരതമ്യേന സാമ്യതയിലാണുള്ളത്(24675-23760 =915 ). നമ്മുടെ നാട്ടിൽ ഇന്ന് പഴയകാലത്തേത് പോലെ അഴിച്ചുവിട്ട് മേയ്ക്കുന്ന ആടുമാടുകൾ നന്നേ കുറവാണ്. ഉണ്ടായാൽതന്നെ സകാത് ബാധകമാകുന്ന എണ്ണത്തോളം ഉണ്ടാവുകയുമില്ല. എന്നാൽ ഇവിടെ ആടുമാടുകളുടെ ഫാമുകൾ വളരെ കൂടുതലാണ്. അതിനെ എല്ലാവരും കൃഷിയായിട്ടാണ് പരി ഗണിച്ചുപോരുന്നതും. അതിനാൽ ആടുമാടുകൾക്ക് അതിന്റേതായ നിസാബിന്(40 ആട്(7000)= 280000, 30 മാട് (12000) = 360000)പകരം കാർഷികവിളകളുടെ നിസാബാണ് (300 സാഅ് ധാന്യം= 23760)അനുയോ ജ്യമാവുക.

പണത്തിനും കച്ചവടത്തിനും വ്യവസായത്തിനും സ്വർണ്ണത്തിന്റെ നിസാബിനെ(20 ദീനാർ(85 ഗ്രാം) =227800(മെയ് 2014) ആധാരമാക്കിയാൽ കാർഷികവിളകളുടെ നിസാബുമായി ഒത്തുനോക്കുമ്പോൾ മൂല്യ ത്തിൽ വമ്പിച്ച അന്തരമായിരിക്കും കാണാനാവുക. നമ്മുടെ നാട്ടിൽ പൊതുവേ സകാത് ബാധകമാകുന്ന ഇനങ്ങൾ പണവും കച്ചവടവും വ്യവസസായവും കാർഷികവിളകളുമാണെന്നതും ശ്രദ്ധേയമാണ്. അങ്ങനെ വരുമ്പോൾ ഇന്നത്തെ കണക്കനുസരിച്ച് അടിസ്ഥാനാവശ്യങ്ങൾ കഴിഞ്ഞ് ഏകദേശം 23000 രൂപയ്ക്കുമേൽ വർഷത്തിൽ പണമായോ വരുമാനമാർഗ്ഗമായോ സമ്പാദ്യമുണ്ടാകുന്നയാൾ സകാത് കൊടു ക്കേണ്ടി വരുമെന്ന് പറയാം.

## 8.ഓരോ ഇനങ്ങളിലുമുള്ള സകാതിന്റെ വിഹിതം എത്രയാണെന്ന് പറയാമോ?

സ്വർണ്ണം, വെള്ളി, പണം, കച്ചവടം, വ്യവസായം എന്നിവയ്ക്ക് രണ്ടര ശതമാനവും കാർഷികവിളകൾക്ക് അഞ്ച് ശതമാനവുമാണ് (ചെലവില്ലാതെ കൃഷി ചെയ്തതിന്റെ പത്ത് ശതമാനം) സകാത് നൽകേണ്ടത്.

## 9.പണത്തിന്റെ സകാത് കണക്കാക്കേണ്ടതെങ്ങനെയാണ്?

അടിസ്ഥാനാവശ്യങ്ങൾ കഴിച്ച് 595 ഗ്രാം വെള്ളിയുടെ ഇന്നത്തെ(2014 മെയ്)മൂല്യമായ 24675 രൂപയോ അതിൽ കൂടുതലോ ഒരു വർഷം മുഴുവൻ ഒരാളുടെ കൈവശമുണ്ടായാൽ അയാൾ അതിന്റെ 2.5% സകാത് കൊടുക്കണം. അതായത് 25000 രൂപയുള്ളവൻ 625 രൂപയും 50000 രൂപയുള്ളവൻ 1250 രൂപയും 100000 രൂപയുള്ളവൻ 2500 രൂപയും സകാത് കൊടുക്കണം.

പ്രയോഗതലത്തിൽ നോക്കുമ്പോൾ 25000, 50000, 100000, തുടങ്ങിയുള്ള അക്കങ്ങൾ ശമ്പളം വാങ്ങുന്നവർക്ക് പോലും മാസത്തിലോ വർഷത്തിലോ നീക്കിയിരിപ്പില്ലാത്ത അവസ്ഥയിലാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. പുതിയ കമ്പോളസംസ്കാരം സൃഷ്ടിച്ച ഉപഭോഗസംസ്കാരം ഏത് സമ്പന്നനെയും കടക്കാരനാക്കിക്കൊ ണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ഒരു സാധാരണക്കാരന്റെ അത്യാവശ്യ ചെലവുകൾ കണക്കുകൂട്ടി നോക്കുമ്പോൾ 12000 രൂപ ഏകദേശം മതിയായതാണ്. ഖുർആൻ പറഞ്ഞത് പോലെ ആ ധനം കൊണ്ട് അവന് എഴുന്നേറ്റു നിൽക്കാനാവും. അതിനാൽ സൂക്ഷ്മതയുടെ മാർഗ്ഗം എന്ന നിലയ്ക്ക് 12000 രൂപയ്ക്കപ്പുറ ത്തേക്ക് വരുന്ന ജീവിതാവശ്യങ്ങളുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ടി വരുന്ന മറ്റു ചെലവുകളെ അടിസ്ഥാന ചെലവുകളിൽ പെടുത്താതിരിക്കുകയും ശമ്പളത്തിൽനിന്ന്/കൂലിയിൽനിന്ന് രണ്ടായിരമോ അയ്യായിരമോ പതിനായിരമോ ഇരുപതിനായിരമോ.... ഈ രൂപത്തിൽ മാറ്റിനിർത്തുകയും അതിനെ പ്രതിമാസ സകാ തിലേക്ക് കണക്കാക്കുകയും വർഷം തികയുമ്പോൾ വെള്ളിയുടെ നിസാബായ ഏകദേശം 24675 രൂപയിലേറെ കണക്കിൽ വരികയും ചെയ്താൽ 2.5% സകാത് ഇനത്തിൽ കൊടുക്കേണ്ടതാണ്. വർഷം തിക യുമ്പോൾ അങ്ങനെ കൊടുക്കേണ്ടി വരുന്നവനാണ് താനെന്ന് ബോധ്യമുള്ള ഒരാൾക്ക് ഇക്കാര്യം എളുപ്പമാ കാൻ അതാത് മാസത്തെ അടിസ്ഥാന ചെലവുകൾ കഴിച്ച് ബാക്കിവരുന്ന(നിശ്ചിത) സംഖ്യയുടെ 2.5% ശത മാനം കുറിയായോ മറ്റേതെങ്കിലും നിക്ഷേപമായോ സംഭരിച്ച് വർഷം തികയുമ്പോൾ സകാത് നിർവ്വ ഹിക്കുകയോ നിക്ഷേപമാക്കി വയ്ക്കാതെ അതാത് മാസങ്ങളിൽ തന്നെ സകാത് നൽകുകയോ ചെയ്യാവുന്ന താണ്. സകാത് മുൻകൂറായി നൽകുന്നതിൽ കർമ്മശാസ്ത്രത്തിൽ നിയമ തടസ്സങ്ങളില്ലെന്നതും ശ്രദ്ധേയ മാണ്. ഉദാഹരണമായി, ഒരു മാസം 12000 രൂപയ്ക്ക് മുകളിൽ വരുന്ന ചെലവോ നീക്കിയിരുപ്പോ 2500 രൂപ യാണെങ്കിൽ 12 മാസമാകുമ്പോൾ അത് 30000 രൂപയാകും. അങ്ങനെ വരുമ്പോൾ പ്രതിമാസം 62 രൂപ 50 പൈസ സകാതായി കൊടുക്കുകയോ നിക്ഷേപിച്ചുവെക്കുകയോ ചെയ്യാം. വർഷം തികയുമ്പോൾ അത് 750 രൂപയുണ്ടാവും. ഓരോരുത്തരുടെയും ആസ്തിയ്ക്കനുസരിച്ച് സംഖ്യ കൂടുകയോ കുറയുകയോ ചെയ്യാം. ഈ മാർഗ്ഗം ലളിതവും സുതാര്യവുമാണ്.

ഇനി ഇതിലുപരിയായി, അടിസ്ഥാന ചെലവിൽപെടാത്ത സംഖ്യയിൽനിന്ന് ബാങ്ക്നിക്ഷേപമായോ കിട്ടുമെന്നുറപ്പുള്ള കടമായോ പി.എഫ് ഫണ്ടായോ ഷെയർ വരുമാനമായോ കുറിയായോ മറ്റേതെ

ങ്കിലും രൂപത്തിലോ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ നിസാബ് തികഞ്ഞ വർഷം മുതൽ സകാത് കൊടുക്കണം. അതിന് കഴിയുന്നില്ലെങ്കിൽ തിരികെ കിട്ടുമ്പോൾ നിസാബ് തികഞ്ഞ വർഷം മുതലുള്ള ഓരോ വർഷത്തേക്കും കണക്കാക്കി സകാത് കൊടുക്കണം.

## 10.കച്ചവടത്തിന്റെ സകാത് എങ്ങനെയാണ് കണക്കാക്കേണ്ടത്?

ജൂൺ 1 ന് ഒരാൾ ഒരു കച്ചവടസംരംഭം തുടങ്ങിയാൽ പിറ്റേവർഷം ജൂൺ 1 ആകുമ്പോൾ 595 ഗ്രാം വെള്ളിയുടെ നിലവിലെ മാർക്കറ്റ് വിലയിൽ(2014 മെയ്: 24675 രൂപ) കുറയാത്ത മൂല്യത്തിന് സ്റ്റോക്കുണ്ടെങ്കിൽ ആകെ സ്റ്റോക്കിന്റെ നിലവിലെ കമ്പോളവിലയും കിട്ടുമെന്നുറപ്പുള്ള കടവും ലാഭവും ചേർത്ത് കണക്കെടുക്കുകയും അതിന്റെ 2.5% കണക്കാക്കി സകാത് കൊടുക്കുകയും ചെയ്യണം. കടവാടക, കറന്റ് ചാർജ്, നികുതി, ലേബർ ചാർജ്, മെഷീൻ, ഫർണിച്ചർ, ന്യായമായ പരസ്യം...തുടങ്ങിയ ചെലവുകൾ കഴിച്ചാണ് സകാത് കണക്കാക്കേണ്ടത്. കച്ചവടത്തിൽ നഷ്ടമുണ്ടായാലും നിസാബുണ്ടെങ്കിൽ സകാത് നൽകണം. പലവ്യഞ്ജനം, പച്ചക്കറി, മത്സ്യം, മാംസം, പഴവർഗ്ഗങ്ങൾ, വീട്ടുപകരണങ്ങൾ, ഭക്ഷ്യപദാർത്ഥങ്ങൾ, തുണിത്തരങ്ങൾ, വാഹനങ്ങൾ, ഭൂമി, സുഗന്ധദ്രവ്യങ്ങൾ, ആഭരണങ്ങൾ, രത്നങ്ങൾ, അലങ്കാരവസ്തുക്കൾ....എന്നിവയുടെ കച്ചവടങ്ങളിലെല്ലാം ഇങ്ങനെ തന്നെയാണ് സകാത് കണക്കാക്കേണ്ടത്. ഒരു കച്ചവടസ്ഥാപനത്തിലുള്ള ലാഭമുപയോഗിച്ച് മറ്റൊരു സ്ഥാപനം തുടങ്ങുകയും രണ്ടിന്റെയും കണക്ക് ഒന്നിച്ചുകൈകാര്യം ചെയ്യുകയും ചെയ്താൽ രണ്ടിന്റെയും സകാത് ഒരുമിച്ചാണ് നോക്കേണ്ടത്. ഒരാൾ മേയ് 10 ന് ഒരു ഷോപ്പുതുടങ്ങി. ഏതാനും മാസങ്ങൾക്കുശേഷം പുരോഗതിയില്ലെന്ന് കണ്ടപ്പോൾ ആദായവിൽപന പ്രഖ്യാപിച്ച് കടകാലിയാക്കാൻ പരസ്യം ചെയ്തു. അത് വിറ്റുകിട്ടിയ നിസാബിൽ കുറയാത്ത സംഖ്യ കൊണ്ട് ആഗസ്റ്റ് 5 ന് മറ്റൊരു വ്യാപാരം തുടങ്ങി. എന്നാൽ ആദ്യഷോപ്പു തുടങ്ങിയ മേയ് 10 ആകുമ്പോൾ അയാൾ സകാത് നൽകണം.

സ്വയം തൊഴിൽ എന്ന നിലയ്ക്ക് ഒരു വിശ്വാസിനി, ഏപ്രിൽ 2 ന് അവർക്ക് കിട്ടിയ 5000 രൂപകൊണ്ട് കച്ചവടം തുടങ്ങുകയും വർഷം തികഞ്ഞപ്പോൾ അവരുടെ കച്ചവടത്തിൽ നിസാബിന്റെ തുക ഉണ്ടാവുകയും ചെയ്താൽ അവരും 2.5% സകാത് കൊടുക്കണം.

## 11. റബർ, നാളികേരം പോലുള്ള നാണ്യവിളകൾക്ക് സകാത് ബാധകമാവുമോ?.

അല്ലാഹുവിന്റെ വാക്യങ്ങളിൽ ഈ ചോദ്യത്തിനുള്ള ഉത്തരം വളരെ വ്യക്തമാണ്: "പന്തലിൽ പടർത്തപ്പെട്ടതും അല്ലാത്തതുമായ തോട്ടങ്ങളും ഈന്തപ്പനകളും വിവിധതരം കനികളുള്ള കൃഷികളും പരസ്പരം തുല്യത തോന്നുന്നതും എന്നാൽ സാദൃശ്യമില്ലാത്തതുമായ നിലയിൽ ഒലിവും മാതളവും എല്ലാം സൃഷ്ടിച്ചുണ്ടാക്കിയത് അവനാകുന്നു. അവയോരോന്നും കായ്ക്കുമ്പോൾ അതിന്റെ ഫലങ്ങളിൽനിന്ന് ഭക്ഷിച്ചുകൊള്ളുക. അതിന്റെ വിളവെടുപ്പ് ദിവസം അതിലുള്ള ബാധ്യത നിങ്ങൾ കൊടുത്തുവീട്ടുകയും ചെയ്യുക. നിങ്ങൾ ദുർവ്യയം ചെയ്യരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല"(6: 141)

"സത്യവിശ്വാസികളേ! നിങ്ങൾ അധ്വാനിച്ചുണ്ടാക്കുന്ന നല്ല സമ്പാദ്യങ്ങളിൽനിന്നും ഭൂമിയിൽനിന്ന് നിങ്ങൾക്ക് നാം ഉൽപാദിപ്പിച്ചുതന്ന ഉൽപന്നങ്ങളിൽനിന്നും ചെലവഴിക്കുക".(2: 267)

നബി(സ) പറഞ്ഞു: "ആകാശമോ അരുവികളോ നനച്ചതിലും നനക്കാതെ വളർന്നതിലും പത്തിലൊന്ന് സകാതുണ്ട്. തേവി നനച്ചുണ്ടാക്കിയതിൽ അതിന്റെ പകുതിയും".(ബുഖാരി)

ഈ പ്രമാണങ്ങളുടെ വെളിച്ചത്തിൽ ഇമാം അബൂഹനീഫ(റ)യെ പോലുള്ള ഇമാമുകൾ പറഞ്ഞത്, ഭൂമിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന എല്ലാ കാർഷികോൽപന്നങ്ങൾക്കും സകാത് നിർബന്ധമാണെന്നാണ്. നാണ്യവിളകൾക്ക് സകാതില്ലെങ്കിലും അവകളിൽനിന്നുള്ള വരുമാനത്തിന് നിസാബ് തികഞ്ഞാൽ സകാത് കൊടുക്കണമെന്നതിൽ ശാഫീ മദ്ഹബിലും തർക്കമില്ല.

## 12. നാണ്യവിളകളുടെ സകാത് കണക്കാക്കേണ്ടതെങ്ങനെയാണ്?

ധാന്യങ്ങൾക്ക് പുറമേ നാണ്യവിളകൾക്കും സകാത് നിർബന്ധമാണ്. നാണ്യവിളകളായതിനാൽ വീട്ടാവശ്യങ്ങൾ കഴിച്ചുള്ളവ നാണയമാക്കപ്പെടാറാണ് പതിവ്. അതിനാൽ വിളകൾ വിറ്റുകിട്ടുന്ന പണത്തിനാണ് സകാത് നൽകേണ്ടത്. വീട്ടാവശ്യം കഴിച്ച് ബാക്കി വരുന്ന നാളികേരമോ കപ്പയോ കുരുമുളകോ നേന്ത്രക്കായയോ പോലുള്ള കാർഷികവിളകൾ വർഷത്തിൽ പലപ്പോഴായി തൂക്കിവിറ്റപ്പോൾ തൊണ്ടില്ലാതെ 23000(300 സാഅ് ധാന്യത്തിന്റെ മൂല്യം) രൂപയ്ക്ക് മുകളിൽ വില ലഭ്യമാകുന്നുണ്ടെങ്കിൽ അതിന്റെ 5% സകാതായി നൽകണം.

സമയാസമയങ്ങളിൽ വളപ്രയോഗം നടത്തി വളർത്തിയ അബ്ദുല്ലയുടെ റബ്ബർതോട്ടത്തിൽനിന്ന് ഒരു വർഷത്തിൽ 200 ദിവസങ്ങളിലായി ശരാശരി ഒരു ദിവസം 5 കിലോഗ്രാം എന്ന തോതിൽ 1000 കിലോ റബ്ബർഷീറ്റ് ലഭിച്ചു. വിറ്റപ്പോൾ കിലോയ്ക്ക് 130 രൂപ ക്രമത്തിൽ 130000 രൂപ ലഭിച്ചു. എന്നാൽ അതിന്റെ 5% സകാതായി നൽകണം. അഥവാ 6500 രൂപ സകാത് കൊടുക്കണം.

**13.റിയൽ എസ്റ്റേറ്റിൽ സകാത് ബാധകമാണോ?**

ഒരാൾ മറിച്ചുവിൽക്കാനെന്ന ഉദ്ദേശ്യത്തോടെ ഫെബ്രുവരി 3 ന് 10 ലക്ഷം രൂപയ്ക്ക് 5സെന്റ് ഭൂമി വാങ്ങി. അഞ്ച് മാസത്തിനുശേഷം 12 ലക്ഷം രൂപയ്ക്ക് അത് വിറ്റു. വീണ്ടും മൂന്നു മാസങ്ങൾക്കുശേഷം 3 ലക്ഷം രൂപ കടവും കൂടെ വാങ്ങി 15 ലക്ഷത്തിന് ഒരു ഷോപ്പിംഗ് കോംപ്ലക്സ് വാങ്ങി. മൂന്നാമത്തെ ദിവസം മറ്റൊരാൾക്ക് 16 ലക്ഷത്തിന് വിറ്റു. പിന്നെ അയാൾ രണ്ട് മാസത്തിന് ശേഷമാണ് ബിസിനസ്സ് പുനരാരംഭിച്ചത്. 16 ലക്ഷത്തിന് ഒരു ഫ്ളാറ്റ് വാങ്ങി. അങ്ങനെയിരിക്കവേയാണ് ഫെബ്രുവരി 3 എത്തിയത്. എങ്കിൽ അയാൾ ആ ഒരു വർഷത്തെ 16 ലക്ഷം രൂപയുടെ ബിസിനസ്സിന്റെ സകാതായ 40000 രൂപ കൊടുക്കണം. മറ്റൊരാൾ മറിച്ചുവിൽക്കാനെന്ന ഉദ്ദേശ്യത്തോടെ ജനുവരി 1 ന് 35 ലക്ഷം രൂപയ്ക്ക് അഞ്ച് സെന്റ് വസ്തുവും വീടും വാങ്ങിയിട്ടിരുന്നു. പക്ഷേ വർഷം മുഴുവൻ ശ്രമിച്ചിട്ടും കച്ചവടമൊന്നും നടന്നില്ല. എന്നാൽ ജനുവരി 1 ആകുമ്പോൾ 87500 രൂപ സകാത് നൽകണം. അന്നേരം കൈവശമില്ലെങ്കിൽ വിൽക്കുമ്പോൾ മുൻവർഷത്തേത് കൂടികണക്കാക്കി നൽകണം.ഭൂരിഭാഗം പണ്ഡിതന്മാരും ഈ അഭിപ്രായത്തിനാണ് പിൻബലം നൽകുന്നത്. കച്ചവടമാകുമ്പോൾ ലാഭവും നഷ്ടവും സംഭവിക്കാം. വർദ്ധിച്ച ലാഭത്തെ സ്വീകരിക്കുകയും നഷ്ടം വരുമ്പോൾ ഒഴിഞ്ഞുമാറുകയും ചെയ്യുന്ന സമീപനം ന്യായമാണെന്ന് പറയാനാവില്ല.

**14.വാടകയുടെ സകാത് കണക്കാക്കേണ്ടതെങ്ങനെയാണ്?**

വാടകയ്ക്ക് കൊടുക്കണമെന്ന ഉദ്ദേശ്യത്തോടെ ഒരാൾ 50 ലക്ഷം രൂപയ്ക്ക് 25 സെന്റ് സ്ഥലം വാങ്ങി ഷോപ്പിംഗ് കോംപ്ലക്സ് പണിയുകയും വാടകക്കാർക്ക് നൽകുകയും ചെയ്തു. 10 മുറി കടകളുള്ള ആ കെട്ടിടത്തിൽനിന്ന് പ്രതിമാസം വാടക ഇനത്തിൽ 20000 രൂപ ലഭിക്കും. എന്നാൽ വർഷം തികയുമ്പോൾ മൂലധനത്തെ മാറ്റിനിർത്തി വരുമാനത്തിന്റെ (240000) 5% (12000)സകാത് നൽകേണ്ടതാണ്. (ചെലവ് കഴിച്ചാണെങ്കിൽ വരുമാനത്തിന്റെ 10%) കൃഷിഭൂമിയോടാണ് ഇതിനെ തുലനം ചെയ്തിട്ടുള്ളത്.

വാടകക്കെട്ടിടങ്ങൾ, കമ്മിഷൻ ഏജൻസികൾ, ട്രാൻസ്പോർട്ടിംഗ് സ്ഥാപനങ്ങൾ, വർക്ക്ഷോപ്പുകൾ, ടാക്സികൾ, ആശുപത്രികൾ, ക്ലിനിക്കുകൾ എന്നിവയ്ക്കുപുറമേ ടൈൽസ്, ഓട്, പേപ്പർ, ഇരുമ്പ്, സിമെന്റ്, അലൂമിനിയം, സ്റ്റീൽ, പ്ലാസ്റ്റിക്, പ്ളൈവുഡ്, ധാന്യപ്പൊടികൾ, ഭക്ഷണപാനീയങ്ങൾ തുടങ്ങിയവയുടെ ഫാക്ടറികൾക്കും ഈ രൂപത്തിലാണ് സകാത് ബാധകമാകുന്നത്.

**15. ആടുമാടുകളുടെ സകാത് ഏത് രൂപത്തിലാണ്?**

മേഞ്ഞുനടക്കുന്ന വളർത്തുമൃഗങ്ങൾക്ക് എണ്ണം(40 ആട്, 30 മാട്, 5 ഒട്ടകം) കണക്കാക്കിയാണ് മുമ്പ് നിസാബ് നിശ്ചയിച്ചിരുന്നത്. എന്നാൽ ഇന്നത് കൃഷിയിനത്തിലേക്ക് മാറിയിരിക്കുകയാണ്. മത്സ്യം, കോഴി, ആട്, മാട് എന്നിവയുടെ കൃഷിഫാമുൾ നാട്ടിലെങ്ങും സജീവമാണിന്ന്. ഇവയുടെ സകാതും കാർഷികവിളകളായി പരിഗണിച്ചാണ് നൽകേണ്ടത്. വർഷാവസാനത്തിൽ വരുമാനത്തിന്റെ 5% സകാത് നൽകണം.(ചെലവ് കഴിച്ചാണെങ്കിൽ വരുമാനത്തിന്റെ 10%)

**16.സ്വർണ്ണാഭരണത്തിന് സകാത് നൽകണമോ?**

തീർച്ചയായും!, പത്തര പവനോ (20 ദീനാർ)അതിലധികമോ സ്വർണ്ണം കൈവശം സൂക്ഷിച്ചിരുന്നാൽ വർഷം തികയുമ്പോൾ അതിന്റെ രണ്ടരശതമാനം നിർബന്ധമായും സകാതായി നൽകണം. എന്നാൽ സാധാരണ ഗതിയിൽ സ്ഥിരം ധരിക്കുന്ന കുറഞ്ഞ ആഭരണത്തിന് സകാത് ബാധകമല്ല.

**17. വർഷം തികയുന്നതിനുമുമ്പ് സകാത് നൽകാമോ?**

നൽകാവുന്നതാണ്. ഒരിക്കൽ, വർഷംതികയുന്നതിനുമുമ്പ് സകാത് നൽകാമോ എന്ന് ചോദിച്ച അബ്ബാസ്(റ) നോട് നബി(സ) നൽകാവുന്നതാണെന്ന് മറുപടി നൽകുകയുണ്ടായി.(അബൂദാവൂദ്)

**18. സകാത് നിർവ്വഹിച്ചാൽ മറ്റ് സാമ്പത്തികബാധ്യതകളിൽനിന്ന് മുക്തനാവുമോ?**

ഒരിക്കലുമില്ല, സകാത് എന്നത് ശരാശരി ഒരു മുസ്‌ലിം സാധാരണ നിലയിൽ നിർവ്വഹിക്കേണ്ട അടിസ്ഥാന ബാധ്യതയാണ്. അത് ഏതൊരു മനുഷ്യനും കൊടുക്കാനാവുന്ന നന്നേ ചെറിയൊരു സംഖ്യയാണ്. അത് നിർവ്വഹിക്കാത്തവന് ഇസ്‌ലാമിൽ സ്ഥാനമേയില്ല. എന്നാൽ അസാധാരണമായ ദുരിതാവസ്ഥ നമ്മുടെ സമ്പത്ത് ആവശ്യപ്പെട്ടാൽ അന്നേരം, ആവശ്യമായതും കഴിവിനനുസരിച്ചതും നൽകൽ ഫർദാണ്. അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ വയറുനിറയെ ഭക്ഷിക്കുന്നവൻ മുസ്‌ലിമല്ലെന്നും, കറി തികഞ്ഞില്ലെങ്കിൽ അയൽക്കാരനെ കൂടെ പരിഗണിച്ചുകൊണ്ട് അതിലൽപം വെള്ളം ചേർക്കാൻ പറഞ്ഞതുമായ തിരുനബിയുടെ മധുമൊഴികൾ നമുക്ക് സുപരിചിതമാണ്.

നബി(സ) പറഞ്ഞു: "തീർച്ചയായും, സമ്പത്തിൽ സകാതല്ലാത്ത (പാവങ്ങളുടെ)അവകാശമുണ്ട്."(തിർമിദി) നബി(സ) പറഞ്ഞതായി അബൂസഈദിൽഖുദ്‌രി(റ) പറയുന്നു: "ആരുടെയെങ്കിലും പക്കൽ വാഹനത്തിൽ ഇരിപ്പിടം ശേഷിക്കുന്നുണ്ടെങ്കിൽ അവൻ അതില്ലാത്തവന് കൊടുക്കട്ടെ. ആരുടെയെങ്കിലും പക്കൽ ആഹാരം ബാക്കിയാവുന്നെങ്കിൽ അവനത് ഇല്ലാത്തവന് നൽകട്ടെ. അങ്ങനെ സമ്പത്തിന്റെ ഓരോ ഇന

ങ്ങളെയും നബി(സ) എണ്ണിപ്പറഞ്ഞുകൊണ്ട് മിച്ചമുള്ളവർ ഇല്ലാത്തവർക്ക് നൽകട്ടെയെന്ന് കൽപിച്ചു. അങ്ങനെ ആവശ്യംകഴിഞ്ഞ് മിച്ചമുള്ളതിൽ ഞങ്ങൾക്കാർക്കും അവകാശമില്ലെന്ന് ഞങ്ങൾക്ക് മനസ്സിലായി.(മുസ്‌ലിം)

## 19.സകാതിന്റെ അവകാശികൾ ആരെല്ലാമാണ്?

സമുദായത്തിൽ കഷ്ടതയനുഭവിക്കുന്നവരുടെ ക്ഷേമവും ഐശ്വര്യവും ഉറപ്പാക്കലാണ് സകാതിന്റെ സാമൂഹിക ലക്ഷ്യം. സകാതിന്റെ അവകാശികളെപ്പറ്റി അല്ലാഹു പറഞ്ഞത് ഇങ്ങനെയാണ്: "നിശ്ചയം സകാത് ദാനങ്ങൾ ഫഖീർമാർക്കും മിസ്കീന്മാർക്കും സകത്ത് ഉദ്യോഗസ്ഥന്മാർക്കും ഹൃദയമിണങ്ങേണ്ട വർക്കും അടിമമോചനത്തിനും കടബാധിർക്കും അല്ലാഹുവിന്റെ മാർഗ്ഗത്തിലെ പോരാളികൾക്കും തെരുവുമ ക്കൾക്കും വേണ്ടിയുള്ളതാകുന്നു. അല്ലാഹുവിന്റെ നിശ്ചയമാണിത്. അല്ലാഹു ജ്ഞാനിയും യുക്തിമാനുമാ കുന്നു."(തൗബ: 60)

ജീവിതാവശ്യങ്ങൾ നിർവ്വഹിക്കാനാവശ്യമായ തൊഴിലോ സമ്പാദ്യമോ ഇല്ലാത്ത നിർധനനാണ് ഫഖീർ. തൊഴിലോ സമ്പാദ്യമോ ഉണ്ടെങ്കിലും ആവശ്യങ്ങൾ നിറവേറ്റാൻ പണം തികയാത്തവനാണ് മിസ്കീൻ. ജീവിതാവശ്യങ്ങൾക്ക് മതിയായത് തികയാത്തതിന്റെ പേരിൽ നിവൃത്തിയില്ലാതെ കടം വാങ്ങു കയും കൊടുക്കാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്നവനും അത്യവശ്യത്തിന് കടം കൊടുത്തതിന്റെ പേരിൽ സ്വന്തം ആവശ്യങ്ങൾ നടക്കാതെ വിഷമിക്കുന്നവനുമാണ് ഗാരിം അഥവാ കടക്കാരൻ. സകാത് ഖുർആൻ ലക്ഷ്യം വയ്ക്കുന്നതുപോലെ വ്യവസ്ഥാപിതമായി സംഭരിച്ച് വിതരണം ചെയ്യുക എന്നത് മറ്റു തൊഴിലുകളുള്ളവർക്ക് ഭാഗികമായി നിർവ്വഹിക്കാൻ കഴിയുന്ന ജോലിയല്ല. മുഴുസമയ പണിക്കാർ ആവശ്യ മായ മേഖലയാണ്. അതിനാൽ ആ പണിയേറ്റെടുത്തവർ സകാതിന് അർഹരാണ്. നവമുസ്‌ലിംകൾ ഇസ്‌ലാം സ്വീകരിച്ചതിന്റെ പേരിൽ തങ്ങളുടെ കുടുംബക്കാരിൽനിന്നുള്ള സ്വത്ത് നിഷേധവും ബഹിഷ്കര ണവുമൊക്കെ അനുഭവിക്കുന്നുണ്ടാവും. ഇത്തരം സന്ദർഭങ്ങളിൽ അവരുടെ ജീവിതാവശ്യങ്ങൾ നിറവേറ്റി ക്കൊടുത്തുകൊണ്ട് മനസ്സിണക്കാൻ സകാത് വിനിയോഗിക്കാവുന്നതാണ്. അടിമത്തമോ അന്യായമായ തടവോ അനുഭവിക്കുന്നവരുടെ ക്ഷേമത്തിനും മോചനത്തിനും വേണ്ടി സകാതിൽ അവകാശമുണ്ട്. ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി കടംവാങ്ങി കെണിയിലകപ്പെട്ടവനും കടംകൊടുത്ത് വലഞ്ഞവനും സകാതിന് അർഹനാണ്. ശത്രുക്കളെ ചെറുക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ മാർഗ്ഗത്തിലെ സമരപ്ര വർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനും സകാത് നൽകാവുന്നതാണ്. ലക്ഷ്യസ്ഥാനത്തേക്കോ ജീവിതല ക്ഷ്യത്തിലേക്കോ എത്താനാവാതെ വഴിയിൽ അലയുന്നയാളാണ് തെരുവുപുത്രൻ, അല്ലെങ്കിൽ വഴിയാത്ര ക്കാരൻ. ഇത്തരത്തിൽ വർഗ്ഗീയകലാപങ്ങൾ തെരുവിലേക്കു തള്ളിയ അനേകായിരം അഭയാർത്ഥികൾ നമ്മുടെ രാജ്യത്തുണ്ട്. ഈ പറയപ്പെട്ട എട്ട് കൂട്ടരാണ് സകാതിന്റെ അവകാശികൾ.

## 20. സകാത് ഫലപ്രദമായി എങ്ങനെ നൽകാം?

ഒരാൾ തന്റെ സകാത് അർഹരായവർക്ക് നേരിട്ടുനൽകുന്നതിലൂടെ സകാതിന്റെ ബാധ്യതയിൽനിന്ന് അയാൾ ഒഴിവാകുമെങ്കിലും സകാതിന്റെ ലക്ഷ്യവും താൽപര്യവും നിറവേറാൻ മതിയായ രീതിയല്ല അത്. ഇതിൽ പല പോരായ്മകളും നമുക്ക് കാണാനാവും. സമ്പന്നനിൽനിന്ന് സകാത് സ്വീകരിക്കുന്ന പാവങ്ങളിൽ കീഴാളമനസ്ഥിതി വളരുന്നതിനും നൽകുന്ന സമ്പന്നനിൽ യജമാനമനോഭാവം വളരുന്ന തിനും ഇത് ഇടയാക്കാറുണ്ട്. ഏക വ്യക്തിയുടെ സകാതായതിനാൽ വളരെ തുഛമായ സംഖ്യയായി രിക്കും സ്വീകർത്താക്കൾക്ക് ലഭിക്കുക. അധികപേരും സകാത് നൽകുന്നതാകട്ടെ റമദാനിലുമാണ്. അവർ അതുവാങ്ങി ദൈനംദിന ആവശ്യങ്ങൾ നിറവവേറ്റുകയും വീണ്ടും സാധുക്കളായി അടുത്ത റമദാൻ വരു ന്നതും കാത്ത് കഴിയുകയും ചെയ്യുന്നു. ഒരാളുടെ സകാതിന്റെ സമയം റമദാനാണെങ്കിൽ ആ സമയത്ത് നൽകാം എന്നല്ലാതെ റമദാനുമായി സകാതിന് പ്രത്യേക ബന്ധമൊന്നുമില്ല.

എന്നാൽ സംഘടിതമായ ശ്രമത്തിലൂടെ കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീ യമായി അർഹരിൽനിന്ന് സംഭരിച്ച് അവകാശികളെ സ്വയംപര്യാപ്തരാക്കാൻ കഴിയുന്ന വിധത്തിൽ വിത രണം ചെയ്താൽ നിശ്ചിത വർഷങ്ങൾക്കകം നടപ്പിലാക്കുന്ന പ്രദേശത്തെ മുസ്‌ലിംകളെ സ്വയം പര്യാ പ്തരാക്കാനാവും.

ഈ ലക്ഷ്യമാണ് കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിലും മുന്നോട്ടുവച്ചിട്ടുള്ളത്: "തൊഴിലോ കച്ചവടമോ ചെയ്ത് ജീവിക്കാൻ കഴിയാത്ത ഫഖീർ, മിസ്കീൻ എന്നിവർക്ക് അവരുടെ ശിഷ്ടകാലജീവിതം കഴിച്ചുകൂട്ടാനാവ ശ്യമായതാണ് നൽകേണ്ടത്. കാരണം, ദാരിദ്ര്യനിർമ്മാർജനമാണല്ലോ സകാതിന്റെ ലക്ഷ്യം. അപ്പോൾ, സകാത് വിഹിതമുപയോഗിച്ച് ഒരു തോട്ടമോ കന്നുകാലികളെ വളർത്തുന്നവന് അതുപോലെയുള്ളതോ വാങ്ങി കൊടുക്കണം. അക്കാരണത്താൽ അവൻ ദാരിദ്ര്യത്തിൽനിന്ന് മോചിതനാവുകയും അനന്തരാവകാ ശികൾ രക്ഷപ്പെടുകയും ചെയ്യുന്നതാണ്."(തുഹ്ഫ, മുഗ്നി, നിഹായ)

ഈ ലക്ഷ്യം നിറവേറാൻ ഒറ്റപ്പെട്ട വ്യക്തികളുടെ അസംഘടിതമായ വിതരണത്തിലൂടെ സാധ്യമാവില്ല. അത് മഹല്ലുകൾക്ക് ഏറ്റെടുത്ത് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയും. അതേപോലെ കൊടുംപട്ടിണിയു

ടെയും പീഡനങ്ങളുടെയും ദുരിതങ്ങളുടെയും വരണ്ടഭൂമികളിൽ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ട് പ്രവർത്തിക്കുന്ന സമർപ്പിത സംഘങ്ങൾക്കും ഈ ദൗത്യം ഉയർന്ന കാര്യക്ഷമത യോടെ നിർവ്വഹിക്കാനാവും.
ഇമാമീങ്ങൾ ഈ രീതിയെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. "ധനത്തിന്റെ സകാതും ഫിത്വർ സകാതും ഒരുപോലെയാകുന്നു. ഒരു സംഘമാളുകൾ അവരുടെ ഫിത്വർ സകാത് ശേഖരിക്കുകയും കൂട്ടിക്കലർത്തുകയും മറ്റുള്ളവരുടെ അനുവാദപ്രകാരം എല്ലാവരും കൂടിയോ അവരിൽ ഒരു വ്യക്തിയോ വിതരണം ചെയ്യുന്നതും അനുവദനീയമാകുന്നു". (ഉംദതുസ്സാലിക്) ഇതിനുപുറമേ വിശ്വസ്തനായ ഒരു വ്യക്തിയെ വക്കാലത്താക്കിയും ഈ സംഘടിതമായ സംരഭം വിജയകരമായി മുന്നോട്ടുകൊണ്ടുപോകാനാവുമെന്ന് ഫിഖ്ഹ് പറയുന്നു.

## 21.സകാത് നൽകാതെ മരണപ്പെട്ടുപോയ സമ്പന്നന്റെ സകാത് വീട്ടേണ്ടതുണ്ടോ?

സകാത് നൽകാതെയോ അതിൽ വേണ്ടത്ര സൂക്ഷ്മത പുലർത്താതെയോ മരിച്ചുപോയവന്റെ സകാത് അയാളുടെ സ്വത്തിൽനിന്ന് മക്കളോ അനന്തരാവകാശികളോ കൊടുത്തുവീടേണ്ടതാണ്. അതിൽ എത്ര വർഷത്തെ മുടക്കമുണ്ടോ അതിന്റെ കണക്കുനോക്കി കൊടുത്തതിനുശേഷം മാത്രമേ അനന്തര സ്വത്ത്(ബാക്കിയുണ്ടെങ്കിൽ)ഓഹരി ചെയ്യാൻ പാടുള്ളൂ.